കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 22.11.2025 മുതൽ 26.11.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 47/2025, (93) വെള്ളിയാഴ്ച | തീയ്യതി 21/11/2025 |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 22.11.2025 | 23.11.2025 | 24.11.2025 | 25.11.2025 | 26.11.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 2 | 2 | 5 | 3 | 0.3 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 2 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 320 | 200 | 320 | 230 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 7 | 5 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്കു സാധ്യത. കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)**

**പൊതുനിർദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ചിനപ്പ് പൊട്ടുന്നപരുവം | പരിചരണം | നെല്ലിനങ്ങൾക്ക് ചിനപ്പ് പൊട്ടുന്ന പരുവത്തിൽ ഒരേക്കർ നെല്പാടത്തിന് 15 കിലോഗ്രാം യൂറിയ, 8 കിലോഗ്രാം പൊട്ടാഷ് എന്ന തോതിൽ രാസ വളങ്ങൾ ഇട്ടുകൊടുക്കാവുന്നതാണ്. നെല്ലിൽ കാണുന്ന പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി എന്നീ രോഗങ്ങൾക്ക് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. |
| പയർ | കായ്തുരപ്പൻ പുഴു | പയറിൽ കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെൻഡിയാമൈഡ് പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ച് കൊടുക്കാവുന്നതാണ്. |
| പാവലം | പച്ചത്തുള്ളൻ | പാവലത്തിൽ പച്ചത്തുള്ളനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ച്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: തൊലിപ്പുറമെയുള്ള പരാദങ്ങൾക്കു എതിരെ ജാഗ്രത പുലർത്തണം. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം. (CAADECCS, KVASU, Mannuthy)